## 271

നിൻ രക്തത്താൽ നിൻ രക്തത്താലെന്നെ ശുദ്ധനാക്കി
നിൻ നീതിയാൽ യഹോവയേ

1 കാൽവറി മാമലമുകൾ ഏറിയ ദൈവകുഞ്ഞാടേ
കൈകാൽ വിരിച്ചോ ക്രൂശിന്മേൽ
കൂരമാം മുൾമുടി ചൂടിയോ?

2 പാപത്തിലാ ു ജീവിച്ച നിന്ദിതനാമെൻ പേർക്കായി
പാപമെന്തന്നറിയാത്തോനേ!
നിൻരുധിരം ക്രൂശിൽ ചിന്തിയോ?

3 ക്രൂരനാം സാത്താൻ തൻതല ക്രൂശിൽ ചതച്ച വീരനേ!
ശാപത്തിൻകീഴിൽ നിന്നെന്നെയും
ശാശ്വതമാർഗ്ഗത്തിലാക്കി നീ-

4 നിൻ തിരുനാമം വാഴ്ത്തുവാൻ നിൻപുതുഗാനം പാടുവാൻ
ശാപം നിറഞ്ഞ എൻനാവിനെ
ശക്തിപ്പെടുത്തി നിൻരക്തത്താൽ-